LIBRARY ARCHIVES Kerala Legislative Assembly

**വന്യജീവിശല്യമുള്ള പ്രദേശങ്ങൾ ഏറ്റെടുക്കൽ**

114(5561) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും വന്യജീവിശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ചുവർഷം എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന വിശദാംശം നൽകുമോ?

വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും വന്യജീവിശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്നതിനായി വനംവകുപ്പിനുകീഴിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിൽ ചണ്ണമല ചരുപ്പിലെ 1.3109 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

**വനമേഖലകളിലെ വിനോദസഞ്ചാര സാധ്യത**

115(5562) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനമേഖലകളിലെ വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വനത്തെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

വനമേഖലകളിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും വനത്തെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ വനം വകുപ്പിനുകീഴിൽ 56 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പ്രകൃതിക്ക് അനുയോജ്യമായ തരത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സന്ദർശകരെ ആകർഷിക്കുന്നതിലൂടെ വനമേഖലകളിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ വർദ്ധിക്കുന്നുണ്ട്. വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ (VSS/EDC) വഴി ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ വിവിധ പ്രവർത്തനങ്ങളിൽ വനാശ്രിത ജനവിഭാഗങ്ങളെ നിയോഗിക്കുകയും അവർ ശേഖരിക്കുന്ന വനവിഭവങ്ങൾ വനശ്രീ, ഇക്കോ ഷോപ്പുകൾ വഴി വിൽപ്പന നടത്തിയും കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM), Minimum Support Price for Minor Forest Produce (MSP for MFP), വൻ ധൻ വികാസ് യോജന (VDVY) തുടങ്ങിയ പദ്ധതികളിൽ പങ്കാളികളാക്കുന്നത് വഴിയും വനത്തെ ആശ്രയിച്ചുകഴിയുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ ഉപജീവനം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്.